**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം ജില്ലയിൽ പരവൂർ നഗരസഭയിൽ മത്സ്യമാർക്കറ്റ് വികസനത്തിനുവേണ്ടി കൊല്ലം താലൂക്കിൽ കോട്ടപ്പുറം വില്ലേജിൽ റീസർവ്വേ 260/123, 260/124 - ൽപ്പെട്ട 28 സെന്റ് സ്ഥലം വാങ്ങുന്നതിന് പരവൂർ നഗരസഭയക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം. 1962/17/ത.സ്വ.ഭ.വ തിരുവനന്തപുരം , തീയതി, 13/06/2017

---

വായന -

1) സർക്കാർ ഉത്തരവ് (സാധാ)നം.3014/2013/ത.സ്വ.ഭ.വ തീയതി 07/12/2013
2) പരവൂർ നഗരസഭ കൗൺസിലിന്റെ 06.10.2016 -ലെ 2 - ാം നമ്പർ തീരുമാനം
3) പരവൂർ നഗരസഭ സെക്രട്ടറിയുടെ 09/12/2016 ലെ ഇ 1/പി/5748-11 നമ്പർ കത്ത്
4) നഗരകാര്യ ഡയറക്ടറുടെ 23/01/2017 -ലെ ജി3-124005/2016 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിൽ പരവൂർ നഗരസഭയിൽ മത്സ്യമാർക്കറ്റ് വികസനത്തിനുവേണ്ടി കൊല്ലം താലൂക്കിൽ കോട്ടപ്പുറം വില്ലേജിൽ റീസർവ്വേ 260/123, 260/124 - ൽപ്പെട്ട 28 സെന്റ് സ്ഥലം പരവൂർ നഗരസഭയക്ക് പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി വായന (1) പ്രകാരം നല്കിയിരുന്നു.

എന്നാൽ ജില്ലാതല പർച്ചെസിംഗ് കമ്മിറ്റി രൂപീകരിക്കാതിരുന്നതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ലെന്നും ഭൂമി ഏറ്റെടുക്കുന്നതിന് പുതിയ ഉത്തരവ് അനിവാര്യമാണെന്ന് കളക്ടർ അറിയിച്ചതിൻപ്രകാരം ടി വസ്തു ഏറ്റെടുക്കുന്നതിന് വായന (2) പ്രകാരം തീരുമാനിക്കുകയും നഗരകാര്യ ഡയറക്ടറുടെ വായന(4) പ്രകാരമുള്ള കത്തിനോടൊപ്പം പരവൂർ നഗരസഭ സെക്രട്ടറിയുടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ പരവൂർ നഗരസഭയിൽ മത്സ്യമാർക്കറ്റ് വികസനത്തിനുവേണ്ടി കൊല്ലം താലൂക്കിൽ കോട്ടപ്പുറം വില്ലേജിൽ റീസർവ്വേ 260/123, 260/124 – ൽ പെട്ട 28 സെന്റ് സ്ഥലം എൽ.എ.ആർ.ആക്ട് 2013 പ്രകാരം വാങ്ങുന്നതിന് പരവൂർ നഗരസഭയക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
സെക്രട്ടറി, പരവൂർ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ